**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **29-09-2025 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സമാശ്വാസ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; 2021 മുതൽ എത്ര പേർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സമാശ്വാസം പദ്ധതിയുടെ വിശദാംശവും, 2021 മുതൽ പദ്ധതി ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശവും **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണ്; അതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; അവയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള സാമൂഹ്യ സുരക്ഷമിഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികളിൽ ഒന്നാണ് സമാശ്വാസം പദ്ധതി. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**സമാശ്വാസം – 1 (ഡയാലിസിസ്)**

വൃക്കക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെട്ട രോഗികൾക്ക് നൽകുന്ന ചികിത്സാ ധനസഹായ പദ്ധതിയാണ് സമാശ്വാസം – 1. പ്രതിമാസം 1100/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. (ഗുണഭോക്താക്കളുടെ എണ്ണം – 2590)

നിലവിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ള 501 ഗുണഭോക്താക്കൾക്ക് 2025 ജൂൺ മാസംവരെയുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

**സമാശ്വാസം – 2 (വൃക്ക/കരൾ മാറ്റി വയ്ക്കൽ)**

സംസ്ഥാനത്ത് വൃക്ക/കരൾ രോഗങ്ങൾ ബാധിച്ചു പ്രസ്തുത അവയവങ്ങൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായിട്ടുള്ളവർക്ക് ശസ്ത്രക്രിയ കഴിഞ്ഞതിനുശേഷവും തുടർ ചികിത്സക്ക് പരമാവധി 5 വർഷം വരെ ധനസഹായം നല്കുന്ന പദ്ധതിയാണ് **സമാശ്വാസം – 2**. ഒരു ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ളവർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. (ഗുണഭോക്താക്കളുടെ എണ്ണം – 350)

നിലവിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ള 92 ഗുണഭോക്താക്കൾക്ക് 2025 ആഗസ്റ്റ് മാസംവരെയുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

**സമാശ്വാസം – 3 (ഹീമോഫീലിയ)**

രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവുമൂലം ഹീമോഫീലിയയും അനുബന്ധ രോഗങ്ങളും ബാധിച്ചവർക്ക്, വരുമാനപരിധി ബാധകമാക്കാതെ ധനസഹായം നൽകുന്ന പദ്ധതിയാണ് സമാശ്വാസം – 3. പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. (ഗുണഭോക്താക്കളുടെ എണ്ണം – 1401) നിലവിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ള 921 ഗുണഭോക്താക്കൾക്ക് 2025 ജൂൺ മാസംവരെയുള്ള ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്.

**സമാശ്വാസം – 4 (സിക്കിൾസെൽ അനീമിയ)**

സംസ്ഥാനത്തെ അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിൽപ്പെട്ട ബി.പി.എൽ വിഭാഗത്തിലുള്ള രോഗികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം – 4. പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു വരുന്നു. (ഗുണഭോക്താക്കളുടെ എണ്ണം – 200)

നിലവിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുള്ള 171 ഗുണഭോക്താക്കൾക്ക് 2025 ആഗസ്റ്റ് മാസംവരെയുള്ള ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. സമാശ്വാസം പദ്ധതിയിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

**2021 - 22**

| District | Scheme – 1 (Dialisis) No. of Beneficiaries | Scheme – 2 (Kidny/Liver Transplantation) No. of Beneficiaries | Scheme – 3 (Hemophelia) | Scheme – 4 (Sickle cell /Anemia) No. of Beneficiaries |
|---|---|---|---|---|
| Trivandrum | 120 | 39 | 65 | - |
| Kollam | 118 | 42 | 46 | - |
| Pathanamthitta | 50 | 21 | 14 | - |
| Alappuzha | 71 | 58 | 59 | - |
| Kottayam | 25 | 29 | 33 | - |
| Idukki | 34 | 18 | 16 | - |
| Ernakulam | 79 | 94 | 76 | - |
| Thrissur | 109 | 31 | 100 | - |
| Palakkad | 103 | 66 | 65 | - |
| Malappuram | 112 | 82 | 131 | 4 |
| Kozhikode | 87 | 108 | 48 | 2 |
| Wayanad | 9 | 31 | 21 | 180 |
| Kannur | 94 | 31 | 55 | - |
| Kasargod | 31 | 23 | 32 | - |
| Total | 1042 | 673 | 761 | 186 |

**2022 - 23**

| District | Scheme – 1 (Dialisis) No. of Beneficiaries | Scheme – 2 (Kidny/Liver Transplantation) No. of Beneficiaries | Scheme – 3 (Hemophelia) | Scheme – 4 (Sickle cell Anemia) No. of Beneficiaries |
|---|---|---|---|---|
| Trivandrum | 178 | 7 | 87 | - |
| Kollam | 184 | 9 | 58 | - |

| | | | | |
|---|---|---|---|---|
| | | | | |
| Pathanamthitta | 67 | 2 | 17 | - |
| Alappuzha | 99 | 4 | 67 | - |
| Kottayam | 53 | 2 | 40 | - |
| Idukki | 43 | 1 | 25 | - |
| Ernakulam | 148 | 1 | 111 | - |
| Thrissur | 152 | 2 | 147 | - |
| Palakkad | 141 | 3 | 91 | = |
| Malappuram | 177 | 7 | 169 | 4 |
| Kozhikode | 194 | 8 | 84 | 2 |
| Wayanad | 17 | 1 | 32 | 195 |
| Kannur | 160 | 3 | 84 | - |
| Kasaragod | 55 | - | 42 | - |
| Total | 1668 | 50 | 1054 | 201 |

**2023 - 24**

| District | Scheme – 1 (Dialisis) No. of Beneficiaries | Scheme – 2 (Kidny/Liver Transplantation) No. of Beneficiaries | Scheme – 3 (Hemophelia) | Scheme – 4 (Sickle cell Anemia) No. of Beneficiaries |
|---|---|---|---|---|
| Trivandrum | 169 | 11 | 87 | - |
| Kollam | 179 | 14 | 61 | - |
| Pathanamthitta | 52 | 2 | 15 | - |
| Alappuzha | 94 | 14 | 47 | - |
| Kottayam | 52 | 6 | 39 | - |
| Idukki | 36 | 4 | 28 | - |

| | | | | |
|---|---|---|---|---|
| | | | | |
| Ernakulam | 138 | 9 | 116 | - |
| Thrissur | 122 | 22 | 133 | - |
| Palakkad | 111 | 20 | 90 | - |
| Malappuram | 166 | 43 | 158 | 3 |
| Kozhikode | 209 | 46 | 77 | 1 |
| Wayanad | 23 | 4 | 21 | 177 |
| Kannur | 170 | 26 | 102 | - |
| Kasargod | 50 | 7 | 38 | - |
| Total | 1571 | 228 | 1012 | 181 |

**2024 -25**

| District | Scheme – 1 (Dialisis) No. of Beneficiaries | Scheme – 2 (Kidny/Liver Transplantation) No. of Beneficiaries | Scheme – 3 (Hemophelia) No. of Beneficiaries | Scheme – 4 (Sickle cell Anemia) No. of Beneficiaries |
|---|---|---|---|---|
| Trivandrum | 60 | 22 | 86 | - |
| Kollam | 83 | 28 | 61 | - |
| Pathanamthitta | 22 | 5 | 20 | - |
| Alappuzha | 28 | 20 | 59 | - |
| Kottayam | 12 | 8 | 42 | - |
| Idukki | 11 | 9 | 28 | - |
| Ernakulam | 47 | 12 | 116 | - |
| Thrissur | 52 | 24 | 140 | - |
| Palakkad | 34 | 28 | 90 | - |
| Malappuram | 69 | 59 | 153 | 3 |

| | | | | |
|---|---|---|---|---|
| | | | | |
| Kozhikode | 172 | 65 | 80 | 1 |
| Wayanad | 16 | 5 | 23 | 179 |
| Kannur | 97 | 32 | 104 | - |
| Kasargod | 14 | 9 | 48 | - |
| Total | 717 | 326 | 1050 | 183 |

**2025 - 26 (Upto 2025, August)**

| District | Scheme – 1 (Dialisis) No. of Beneficiaries | Scheme – 2 (Kidny/Liver Transplantation) No. of Beneficiaries | Scheme – 3 (Hemophelia) No. of Beneficiaries | Scheme – 4 (Sickle cell Anemia) No. of Beneficiaries |
|---|---|---|---|---|
| Trivandrum | 44 | 7 | 73 | - |
| Kollam | 60 | 12 | 57 | - |
| Pathanamthitta | 16 | 3 | 17 | - |
| Alappuzha | 25 | 10 | 55 | - |
| Kottayam | 12 | 2 | 42 | - |
| Idukki | 5 | 2 | 23 | - |
| Ernakulam | 31 | 2 | 106 | - |
| Thrissur | 48 | 10 | 126 | - |
| Palakkad | 29 | 5 | 80 | - |
| Malappuram | 40 | 14 | 138 | 3 |
| Kozhikode | 101 | 17 | 56 | 1 |
| Wayanad | 8 | - | 16 | 167 |
| Kannur | 73 | 6 | 91 | - |

| | | | | |
|---|---|---|---|---|
| Kasargod | 9 | 2 | 41 | - |
| Total | 501 | 92 | 921 | 171 |

## അനുബന്ധം II

### സമാശ്വാസം – 1 (ഡയാലിസിസ്)

### അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. അപേക്ഷകന്റെ ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്.
2. രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ള പാസ്സ്ബുക്ക്, ആധാർകാർഡ് എന്നിവയുടെ പകർപ്പ്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് (സി.ഡി.പി.ഒ) നൽകേണ്ടതും, ടി അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് അയക്കുകയും അപേക്ഷ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തുവരുന്നു.

### സമാശ്വാസം – 2 (വൃക്ക/കരൾ മാറ്റി വയ്ക്കൽ)

### അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1. വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്
2. ഡിസ്ചാർജ് ഷീറ്റ് പകർപ്പ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്
3. വാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്
4. അപേക്ഷകന്റെ ബാങ്ക് പാസ്സ്ബുക്ക്; ആധാർ കാർഡ് എന്നിവയുടെ പകർപ്പ്
5. റേഷൻ കാർഡിന്റെ പകർപ്പ്

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് (സി.ഡി.പി.ഒ) നൽകേണ്ടതും, ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശിപാർശ സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേയ്ക്ക് അയക്കുകയും അപേക്ഷ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തുവരുന്നു.

### സമാശ്വാസം – 3 (ഹീമോഫീലിയ)

**അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. ഹീമോഫീലിയരോഗിയാണെന്ന് ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്.
2. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
3. ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് അയച്ചു നല്കേണ്ടതാണ്. ടി അപേക്ഷ ആവശ്യമായ പരിശോധന നടത്തി അർഹരായവർക്ക് ആനുകൂല്യം നൽകുന്നു.

**സമാശ്വാസം – 4 (സിക്കിൾസെൽ അനീമിയ)**

**അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
2. അപേക്ഷകർ അരിവാൾ രോഗം (HBSS )ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) കണ്ടെത്തിയവരായിരിക്കണം. ബന്ധപ്പെട്ട സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിപത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ്
4. ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർക്ക് അയച്ചുനല്കേണ്ടതാണ്. ടി അപേക്ഷകൾ ആവശ്യമായ പരിശോധന നടത്തി അർഹമായവർക്ക് ആനുകൂല്യം നൽകുന്നു.

ആദ്യധനസഹായം ലഭ്യമായതിനു ശേഷം തുടർ ധനസഹായത്തിനായി എല്ലാ വർഷവും ജനുവരി, ജൂൺ മാസങ്ങളിൽ (6 മാസത്തിലൊരിക്കൽ) ലൈഫ് സർട്ടിഫിക്കറ്റും, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പും ഫോൺ നമ്പർ കൂടി രേഖപ്പെടുത്തി തപാൽ മുഖേന അയയ്ക്കേണ്ടതാണ്.